**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 102** **15-10-2026-ൽ മറുപടിയ്ക്ക്**

**ദേശീയപാതയിൽ വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. കല്ലട്ര മാഹിൻ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. ഫൈസൽ ബാബു

ശ്രീ. എം. എ. റസാഖ് മാസ്റ്റർ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. ബഷീർ

(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ ദേശീയപാതകളിൽ വാഹനാപകടങ്ങൾ വർദ്ധിച്ച വരുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**മറുപടി:** പരിശോധിച്ചിട്ടുണ്ട്. ദേശീയപാതകളിൽ വാഹനാപകടങ്ങൾ വർധിക്കുന്നതിന് അമിതവേഗത, അശ്രദ്ധകരവും അപകടകരവുമായ ഡ്രൈവിംഗ്, മദ്യപിച്ച് വാഹനമോടിക്കൽ, ഹെൽമറ്റ്/സീറ്റ് ബെൽറ്റ് ഉപയോഗിക്കാതിരിക്കൽ, തെറ്റായ ഓവർ ടേക്കിംഗ്, ലെയിൻ നിയമ ലംഘനം, ഡ്രൈവർമാരുടെ ഉറക്കക്ഷീണം, ഡ്രൈവിംഗ് ചെയ്യുമ്പോൾ മൊബൈൽ ഫോൺ ഉപയോഗിക്കുന്നത്, റോഡരികിലെ അനധികൃത പാർക്കിംഗ്, കാൽനടയാത്രക്കാരുടെ സുരക്ഷാ പ്രശ്നങ്ങൾ, റോഡ് നിർമ്മാണ/അറ്റകുറ്റപ്പണി പ്രവർത്തനങ്ങൾ, റോഡിന്റെ വീതി കുറവ്, വളവുകൾ, കയറ്റിറക്കങ്ങൾ, മതിയായ തെരുവ് വിളക്കുകളുടെ അഭാവം, ട്രാഫിക് സിഗ്നലുകളുടെയും മുന്നറിയിപ്പ് സംവിധാനങ്ങളുടെയും അപര്യാപ്തത, പ്രതികൂല കാലാവസ്ഥ തുടങ്ങിയ വിവിധ കാരണങ്ങളാലാണ് പ്രധാനമായും റോഡപകടങ്ങൾ സംഭവിക്കുന്നത്.

**(ബി)** ദേശീയപാതാ അതോറിറ്റി കൃത്യമായ ദിശാബോർഡുകൾ സ്ഥാപിക്കാത്തത് അപകടങ്ങൾ വർദ്ധിക്കുന്നതിന് കാരണമാകുന്നുണ്ടോ; വിശദമാക്കുമോ;

**മറുപടി:** ദിശാ ബോർഡുകളുടെ അഭാവം, അപര്യാപ്തത, വ്യക്തത കുറവ് എന്നിവ പ്രത്യേകിച്ച് രാത്രികാലങ്ങളിലും പ്രതികൂല കാലാവസ്ഥയിലും ഡ്രൈവർമാരിൽ ആശയക്കുഴപ്പം സൃഷ്ടിക്കുകയും അപകടസാധ്യത വർദ്ധിപ്പിക്കുകയും ചെയ്യാൻ സാധ്യതയുണ്ട്.

ദേശീയപാത അതോറിറ്റിയുടെ കീഴിൽ നടപ്പാക്കുന്ന റോഡ് വികസന പ്രവർത്തനങ്ങൾ, ഡൈവേർഷനുകൾ,അണ്ടർപാസുകൾ/ഓവർബ്രിഡ്ജുകൾ, സർവീസ് റോഡുകൾ തുടങ്ങിയവയുടെ നിർമ്മാണ ഘട്ടങ്ങളിൽ ഗതാഗത നിയന്ത്രണവും സുരക്ഷാ സംവിധാനങ്ങളും ആവശ്യമായ രീതിയിൽ ഏർപ്പെടുത്തേണ്ടതുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ മതിയായ സൈൻ ബോർഡുകൾ, ബാരിക്കേഡുകൾ, റിഫ്ലക്ടർ സംവിധാനങ്ങൾ, ലൈറ്റിംഗ്, മുന്നറിയിപ്പ് സംവിധാനങ്ങൾ, സുരക്ഷിതമായ ട്രാഫിക് ഡൈവേർഷൻ എന്നിവ ഉറപ്പാക്കുന്നതിനായി ബന്ധപ്പെട്ട ഏജൻസികളുമായി പോലീസ് നിരന്തരം ഏകോപനം നടത്തിവരുന്നു. എന്നാൽ ദിശാ ബോർഡുകൾ

സ്ഥാപിക്കാത്തതാണ് അപകടവർദ്ധനവിനുള്ള കാരണമെന്ന് പൊതുനിഗമനത്തിൽ എത്താനാകില്ല. ഓരോ അപകടത്തിന്റെയും സാഹചര്യങ്ങളും കാരണങ്ങളും പ്രത്യേകം പരിശോധിച്ചാണ് നടപടി സ്വീകരിക്കുന്നത്.

നിരവധി റീച്ചുകളിൽ ദേശീയപാത നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയാണെന്നും പ്രവൃത്തി പൂർത്തിയായ റീച്ചുകളിൽ ആവശ്യമായ സൈൻബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും നിർമ്മാണം പുരോഗമിക്കുന്ന റീച്ചുകളിൽ, റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനും നിർമ്മാണ മേഖലകളിലൂടെ യാത്രക്കാരെ സുരക്ഷിതമായി നയിക്കുന്നതിനുമായി അനുയോജ്യമായ ഡൈവേർഷൻ ബോർഡുകൾ, വേഗത നിയന്ത്രണ ബോർഡുകൾ, മറ്റ് നിർബന്ധിത ട്രാഫിക് ചിഹ്നങ്ങൾ എന്നിവ നൽകിയിട്ടുണ്ടെന്നും നിർമ്മാണം നടക്കുന്ന എല്ലാ ഭാഗങ്ങളിലും അനുവദനീയമായ വേഗത മണിക്കൂറിൽ 50 കിലോമീറ്ററും ജംഗ്ഷനുകളിൽ മണിക്കൂറിൽ 30 കിലോമീറ്ററുമാണെന്നും വേഗത ഇതിലും കുറക്കണമെന്ന് കണ്ടെത്തിയിട്ടുള്ള നിർമ്മാണ പ്രദേശങ്ങളിൽ വേഗത ഇതിലും കുറച്ചിട്ടുണ്ടെന്നും ദേശീയപാത അതോറിറ്റി വ്യക്തമാക്കിയിട്ടുണ്ട്.

**(സി)** ദേശീയപാതകളിലെ പാർക്കിംഗുകൾ കാരണം അപകടങ്ങൾ ഉണ്ടാകാതിരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുമോ;

**<u>മറുപടി:</u>** ദേശീയപാതകളിലെ അപകടങ്ങൾ കുറയ്ക്കുന്നതിനായി സുപ്രീം കോടതി, സുവോ മോട്ടോ റിട്ട് പെറ്റീഷൻ(സി) നം. 9/2025 മേൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിലെ നിർദ്ദേശപ്രകാരം എല്ലാ ജില്ലകളിലും District Highways Safety Task Force കൾ രൂപികരിച്ച് അതത് ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവച്ചിട്ടുണ്ട്. ദേശീയപാതകളിലെ പ്രധാന പാത, പാതയോരം, വളവുകൾ, ജംഗ്ഷനുകൾ, പാലങ്ങൾ, ബസ് ബേകൾ തുടങ്ങിയ അപകടസാധ്യതയുള്ള സ്ഥലങ്ങളിലെ അനധികൃതവും അശാസ്ത്രീയവുമായ വാഹന പാർക്കിംഗ് അപകടസാധ്യത വർദ്ധിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സ്ഥലങ്ങളിൽ അനധികൃത പാർക്കിംഗ് തടയുന്നതിനായി പോലീസ് വകുപ്പ് പരിശോധനകളും എൻഫോഴ്സ്മെന്റ് നടപടികളും സ്വീകരിച്ചുവരുന്നു. ആവശ്യമായ സ്ഥലങ്ങളിൽ നോ പാർക്കിംഗ്/ നോ സ്റ്റോപ്പിംഗ് ബോർഡുകളും റോഡ് മാർക്കിംഗുകളും ഏർപ്പെടുത്തുന്നതിനും, വലിയ വാഹനങ്ങൾക്കായി നിശ്ചിത പാർക്കിംഗ്/ട്രക് ലേ-ബൈ സൗകര്യങ്ങൾ ഒരുക്കുന്നതിനും ബന്ധപ്പെട്ട റോഡ് ഉടമസ്ഥ ഏജൻസികളുമായി ഏകോപിച്ച് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ അനധികൃത പാർക്കിംഗ് കണ്ടെത്തുന്നതിനായി രാത്രികാല പട്രോളിംഗ് ശക്തമാക്കുകയും, ആവശ്യമായ പോലീസ്-മോട്ടോർ വാഹന വകുപ്പ് സംയുക്ത പരിശോധനകളും വാഹനങ്ങൾ നീക്കം ചെയ്യുന്നതിനുള്ള ടോവിംഗ് സംവിധാനവും ഏർപ്പെടുത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

**(ഡി)** തൃശ്ശൂർ ജില്ലയിലെ കയ്പമംഗലത്തിന് സമീപം ദേശീയപാതയിൽ 2026 സെപ്റ്റംബർ 4-ന് ഉണ്ടായ വാഹനാപകടത്തെത്തുടർന്ന് എന്തെല്ലാം സുരക്ഷാ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** തൃശ്ശൂർ ജില്ലയിലെ കയ്പമംഗലം അപകടത്തിന്റെ പശ്ചാത്തലത്തിൽ 08.09.2026 തീയതിയിൽ സംസ്ഥാന പോലീസ് മേധാവി, ദേശീയപാത അതോറിറ്റി റീജിയണൽ ഓഫീസർ എന്നിവർ ഉൾപ്പെട്ടുള്ളവരുടെ ഒരു ഉന്നതതല യോഗം വിളിച്ച് ചേർക്കുകയും ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ നൽകുകയുമുണ്ടായി. എല്ലാ നിർമ്മാണ മേഖലകളിലും അപകട മുന്നറിയിപ്പ് നൽകുന്ന ബ്ലിങ്കറുകൾ സ്ഥാപിക്കണം, ഡൈവേർഷനുകളിൽ ആവശ്യത്തിന് വെളിച്ചം ഉറപ്പാക്കണം, ക്രാഷ് അറ്റെൻവേറ്ററുകളും ഫിസിക്കൽ ബാരിക്കേഡുകളും സ്ഥാപിക്കണം, വൈദ്യുതി ബന്ധത്തിനായി കാത്തുനിൽക്കാതെ പോർട്ടബിളും സോളാറിലും പ്രവർത്തിക്കുന്ന ലൈറ്റുകൾ സജ്ജമാക്കണം.

ദേശീയപാതയിലെ ഷോൾഡറുകളിലും വെളിച്ചമില്ലാത്ത ഭാഗങ്ങളിലും അനധികൃതമായി പാർക്ക് ചെയ്യുന്ന ചരക്കുലോറികൾക്കെതിരെ പൊലീസും മോട്ടോർ വാഹന വകുപ്പും ചേർന്ന് പ്രത്യേക സംയുക്ത പരിശോധനകളും എൻഫോഴ്സ്മെന്റ് ഡ്രൈവുകളും ശക്തിപ്പെടുത്തണം. ശാസ്ത്രീയമായ രീതിയിൽ വേഗത ഘട്ടംഘട്ടമായി കൂട്ടുന്നതിനോ കുറയ്ക്കുന്നതിനോ ഉതകുന്ന രീതിയിൽ സൂചക ബോർഡുകൾ സ്ഥാപിച്ച് വാഹനങ്ങളുടെ വേഗത ക്രമീകരിക്കുന്നതിനും ദേശീയപാത അതോറിറ്റി അടിയന്തര നടപടികൾ സ്വീകരിക്കണം. ജില്ലാ കളക്ടർമാർ, ജില്ലാ പൊലീസ് മേധാവികൾ, ആർ.ടി.ഒ മാർ, ദേശീയപാത അതോറിറ്റി പ്രോജക്റ്റ് ഡയറക്ടർമാർ എന്നിവരുടെ നേതൃത്വത്തിൽ അടിയന്തര യോഗങ്ങൾ ചേർന്ന് അപകട സാധ്യതയുള്ള സൈറ്റുകളിൽ സംയുക്ത പരിശോധനകൾ നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ച് അപകടസാധ്യത ഒഴിവാക്കണം. യാതൊരു മുൻകരുതലുമില്ലാതെയുള്ള റോഡ് തിരിച്ചുവിടലുകൾ നിരോധിക്കുന്നു. പ്രാദേശിക ജനപ്രതിനിധികളെ മുൻകൂട്ടി വിശ്വാസത്തിലെടുത്തുകൊണ്ട് ഡൈവേർഷൻ പ്ലാനുകൾ ജില്ലാ കളക്ടർമാർ നേരിട്ട് പരിശോധിച്ച് വിഷയത്തിൽ തീരുമാനമെടുക്കണം.

ഇതിന്റെ അടിസ്ഥാനത്തിൽ 24*7 ഹൈവേപട്രോളിംഗ്, അപകടസാധ്യതയുള്ള സ്ഥലങ്ങളിലെ നിരീക്ഷണം, Interceptor Vehicle മുഖേന അമിതവേഗ പരിശോധന, എൻഫോഴ്സ്മെൻറ് ഡ്രൈവുകൾ, അനധികൃത പാർക്കിംഗ് നിയന്ത്രണം എന്നിവ ശക്തിപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പോലീസ്/മോട്ടാർ വാഹന വകുപ്പ്/ദേശീയപാത അതോറിറ്റി എന്നിവയുമായി ഏകോപിച്ച് റോഡ് സുരക്ഷാ സംവിധാനങ്ങൾ, ബാരിക്കേഡുകൾ, സൈൻബോർഡുകൾ, കാൽനട സുരക്ഷാ സംവിധാനങ്ങൾ എന്നിവ ഉറപ്പാക്കുകയും, ആക്സിഡൻറ് ഡാറ്റയുടെ അടിസ്ഥാനത്തിൽ അപകടകാരണങ്ങൾ വിശകലനം ചെയ്ത് ആവശ്യമായ സാങ്കേതിക ആസൂത്രണം, ഗതാഗത നിയമ നിർവ്വഹണം എന്നിവയ്ക്കുള്ള നടപടികൾ സ്വീകരിക്കുകയും, റോഡ് സുരക്ഷാ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു.

**സെക്ഷൻ ഓഫീസർ**